ഭവനനിർമ്മാണ പദ്ധതിയിലെ അഴിമതി

826 [1802] ശ്രീ. സി. ടി. കൃഷ്ണൻ :
,, ഒ. ഭരതൻ :
,, വർക്കല രാധാകൃഷ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി):
സി. പി. മൂസാൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ പദ്ധതിയിൽ 'ഗുരുതരമായ ക്രമക്കേടുകൾ' കാണിച്ചതിന് ബോർഡ് ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഭവനനിർമ്മാണ പദ്ധതികളിൽ ക്രമക്കേടുകൾ കാണിച്ചതിന് അയ്യന്തോൾ ഭവനനിർമ്മാണപദ്ധതി, തൃശൂർ പത്രപ്രവർത്തകർക്കുള്ള ഭവനനിർമ്മാണപദ്ധതി, കുഞ്ഞിക്കുഴി, കോട്ടയം, ഇരിങ്ങാലക്കുട ഭവനനിർമ്മാണ പദ്ധതി, ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള വാടകവീടുപദ്ധതി, പൂജപ്പുര എന്നീ സ്കീമുകളുടെ ചുമതല വഹിച്ചിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ മേൽ നടപടി എടുത്തിട്ടുണ്ട്.

(ബി) സസ്പെൻഷൻ, ഇൻക്രിമെന്റ് തടയൽ, തുടങ്ങിയ നടപടികളാണ് എടുത്തിട്ടുള്ളത്.

മുദാക്കൽ പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

827 (1803) ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽ പുനരധിവാസ പദ്ധതി പ്രകാരം ദുർബലജനവിഭാഗങ്ങൾക്കുവേണ്ടി എത്രവീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്രവീടുകൾ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ദുർബലവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) മുദാക്കൽ പഞ്ചായത്തിൽ നിന്നുള്ള അപേക്ഷകരിൽ 8 പേർക്ക് ഒന്നാം ഗഡുവായ 1500 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണപദ്ധതിപ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷേ ദുർബലവിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ മുദാക്കൽ പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

നാവായിക്കുളം പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

828 [1804] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിൽ പുനരധിവാസ പദ്ധതിപ്രകാരം ദുർബലജനവിഭാഗങ്ങൾക്കുവേണ്ടി എത്രവീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്ര വീടുകൾകൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദുർബലവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) നാവായിക്കുളം പഞ്ചായത്തിൽ നിന്നുമുള്ള 29 അപേക്ഷകർക്ക് ഒന്നാം ഗഡുവായ 1500 രൂപാവീതം നൽകിക്കഴിഞ്ഞു. വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷെ ദുർബലവിഭാഗങ്ങൾക്ക് വേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ നാവായിക്കുളം പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

കരവാരം പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

829 [1805] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽ പുനരധിവാസ പദ്ധതിപ്രകാരം ദുർബലജനവിഭാഗങ്ങൾക്ക് വേണ്ടി എത്ര വീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്ര വീടുകൾകൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly